ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിലെ പ്രൊവിഷനൽ നിയമനം

87. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം ആൻറ് ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിൽ 1961 ജനുവരി 31-ാം തീയതി മുതൽ 1963 ഡിസംബർ 31-ാം തീയതിവരെ പ്രൊവിഷനലായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ ജാതി തിരിച്ചുള്ള വിവരവും നിയമിച്ച തീയതിയും ഉൾപ്പെടുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ഒൻപതുപേരെ നിയമിച്ചിട്ടുണ്ട്.

(ബി) അവരുടെ പേരു്, ജാതി, നിയമനത്തീയതി, ഉദ്യോഗപ്പേരു് എന്നിവ ഉൾപ്പെടുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

9 a. m. **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTION.

Situation prevailing at Valiathura Port.

Mr. Speaker : I have received a notice under Rule 49 from Shri Anthony D' Cruz. That is not a matter of sufficient importance for moving as an adjournment motion. In such matters it is open to the hon. Member to call the attention of the concerned Minister under Rule 61.

Situation arising out of the fast of Shri A. K. Gopalan M. P. at Vazhathope.

Mr. Speaker : I have received another notice under Rule 49 from C. Achutha Menon regarding the situation arising out of the fast of Shri A. K. Gopalan, M. P. I call upon the hon. Chief Minister to place the facts before the House.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ഇതു സംബന്ധിച്ചുള്ള വസ്തുതകൾ ഇതിനുമുമ്പു് ഈ സഭയിൽ ചർച്ചയ്ക്കു വന്നിട്ടുള്ളതാണു്. കീരിത്തോടു് പുരുളി മുതലായ പ്രദേശങ്ങളിൽനിന്നും കുടിയിറക്കു നടത്തിക്കൊണ്ടിരിക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങളും ഇവിടെ ഉന്നയിക്കപ്പെടുകയും, അതിനെപ്പറ്റി വളരെ വിശദമായ വിവരങ്ങളും ഗവണ്മെൻറു് മറുപടിയിലൂടെ നൽകുകയും ചെയ്തിട്ടുള്ളതാണു്. ശ്രീ. എ. കെ. ഗോപാലനും വേറെ ചില അദ്ദേഹത്തിൻറെ അടുത്ത സുഹൃത്തുക്കളുമായി ആ പ്രദേശത്തു കുറച്ചുദിവസമായി സഞ്ചരിക്കുകയാണു്. അദ്ദേഹം അവിടെ അങ്ങോട്ടുമിങ്ങോട്ടും പലതവണ പോയശേഷവും എന്താണു ചെയ്യേണ്ടതെന്നു വളരെ നിശ്ചയമില്ലാതെ കഴിഞ്ഞുകൂടിയെന്നാണു കാണുന്നതു്. അദ്ദേഹം മിനിഞ്ഞാന്നു വൈകുന്നേരം എനിക്കു് ഒരെഴുത്തു കൊടുത്തയയ്ക്കുകയുണ്ടായി. അതിൽ വളരെ അധികം ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടു്. ആ ആരോപണങ്ങളും പലതും ഈ നിയമസഭയിൽതന്നെ വരുകയും ചർച്ചചെയ്യപ്പെടുകയും ചെയ്തിട്ടുള്ളതാണു്. അവിടത്തെ ആളുകളും വളരെ സംഭ്രാന്തരായി കഴിയുകയാണെന്നും, അവിടെ വെടിവെപ്പു് നടന്നുവെന്നും അവിടെനിന്നും കുടിയിറക്കേണ്ടയാതൊരു ആവശ്യവുമില്ലെന്നും, കുടിയിറക്കു് ഉടനെ നിറുത്തിവയ്ക്കണമെന്നും, എന്തെങ്കിലും ചെയ്യുന്നതിനുമുമ്പു് എല്ലാ പാർട്ടികളുമായി ആലോചന നടത്തേണ്ടതാണെന്നും അതിൽ പറഞ്ഞിട്ടുണ്ടു്.

* Appendix VI.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും, പുരുഷന്മാരേയുമെല്ലാം ഉപദ്രവിച്ചിട്ടുണ്ട് എന്നിങ്ങനെ പല കാര്യങ്ങളും എഴുതിയിരുന്നു. അതിൽ പലതും വാസ്തവവുമായി ബന്ധമില്ലാത്തതാണെന്നു് എനിക്കു നിശ്ചയമുണ്ടായിരുന്നു. എങ്കിലും ഒന്നുകൂടി അന്വേഷിച്ചു് ഒരു മറുപടി അദ്ദേഹത്തിനു് അയച്ചിട്ടുണ്ടു്. ഇന്നലെ കിട്ടിയ റിപ്പോർട്ടുകളിൽ അദ്ദേഹം വാഴത്തോപ്പിൽ ഒരു പ്രസംഗം നടത്തിയതായികണ്ടു. എവിടെയെങ്കിലും ഒരു സത്യാഗ്രഹംനടത്തുമെന്നും, വാഴത്തോപ്പിൽ വേണോ ; ബസാർ ഏരിയായിൽ വേണോ എന്നു് ആലോചനയിൽഇരിക്കുകയാണെന്നുമാണു പറഞ്ഞിരിക്കുന്നതു്. ഇന്നലെ വൈകുന്നേരം അദ്ദേഹം ഒരു തീരുമാനം എടുത്തു സത്യാഗ്രഹം തുടങ്ങിയതായിട്ടാണു കാണുന്നതു്. അദ്ദേഹം അയച്ച ഒരു കമ്പി, ഇന്നു രാവിലെ നിയമസഭയിലേക്കു വരുന്ന സമയത്തു് എനിക്കു കിട്ടി. അദ്ദേഹത്തിനു വേണ്ടതു്, ഇപ്പോഴത്തെ കുടിയൊഴിപ്പിക്കൽ നിറുത്തിവയ്ക്കണം, ആറം പാർട്ടി കോൺഫറൻസു കൂടണം, അവിടെ നിന്നും പോയിട്ടുള്ളവർക്കു ഇഷ്ടമുള്ള ഭൂമി കൊടുക്കണം എന്നെല്ലാമാണു്. ഈ കാര്യത്തിൽ ഗവണ്മെൻറു് വളരെ ഗാഢമായി ആലോചിച്ചു് എടുത്ത ഒരു തീരുമാനം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു്, അവിടെ പ്രത്യേകമായ ഒരു ബുദ്ധിമുട്ടുമില്ലാത്ത രീതിയിൽ വളരെ സുഗമമായിത്തന്നെ കുടിയൊഴിപ്പിക്കൽ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണു്. അവിടെനിന്നും ഒഴിപ്പിക്കുന്ന ആളുകൾക്കു് യാതൊരുവിധ കഷ്ടപ്പാടുകളും വരാതിരിക്കാൻ പ്രത്യേകം ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടു്. എന്നിരുന്നാലും കുറെക്കാലമായി താമസിക്കുന്ന സ്ഥലംവിട്ടു മറെറാരു സ്ഥലത്തേക്കു നീങ്ങുമ്പോൾ കുറച്ചൊക്കെ ബുദ്ധിമുട്ടു വരാവുന്നതാണു്. അതു് ഏറ്റവും കുറവായിരിക്കത്തക്ക എല്ലാ നടപടികളും എടുത്തിട്ടുണ്ടു്. ശ്രീ. ഗോപാലനും പന്തളം പി. ആർ. മാധവൻ പിള്ളയും കുറെ ദിവസങ്ങളായി അവിടെ നടക്കുന്നുണ്ടെങ്കിലും ആളുകളെ ഇൻസൈറ്റുചെയ്യാൻ സാധിച്ചിട്ടില്ലെന്നുള്ളതാണു് വസ്തുത. ഒടുവിൽ ആളുകളുടെ ശ്രദ്ധ ആകർഷിക്കാൻവേണ്ടി ശ്രീ. ഗോപാലൻ കൂടെക്കൂടെ സ്വീകരിക്കാറുള്ള സത്യാഗ്രഹം ഇപ്പോഴും സ്വീകരിച്ചിരിക്കുന്നു എന്നു മാത്രമെയുള്ളു. അവിടെ യാതൊരു സംഭവവും ഉണ്ടായിട്ടില്ല. അദ്ദേഹം സത്യാഗ്രഹം അനുഷ്ഠിക്കുന്നു എന്നു മാത്രമേയുള്ളു. രാജ്യത്തിനു് ഒരു കുഴപ്പവും ഉണ്ടായിട്ടില്ല. അദ്ദേഹത്തിനു കുഴപ്പവുമുണ്ടായിട്ടില്ല. ആനിലയിൽ ഇതു് ഒരടിയന്തിര പ്രമേയത്തിനു് ഇടയാക്കുന്ന സംഗതിയല്ല. വല്ലതെങ്കിലും കുഴപ്പമുണ്ടായാൽ അതു ചർച്ചചെയ്യാമെന്നല്ലാതെ, ഇപ്പോഴും ചർച്ചചെയ്യേണ്ടയാവശ്യമില്ലെന്നാണു് എനിക്കു് അറിയിക്കാനുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ : മുഖ്യമന്ത്രി പറഞ്ഞതു്, അവിടെ കുഴപ്പമുണ്ടാക്കാൻ മനഃപൂർവ്വം ശ്രമിച്ചു് അതു പരാജയപ്പെട്ടശേഷമാണു് നിരാഹാര സത്യാഗ്രഹം തുടങ്ങിയതെന്നാണു്, അദ്ദേഹം പറഞ്ഞതു കേട്ടാൽ, എന്തെങ്കിലും കുഴപ്പമുണ്ടായാലേ ഗവണ്മെൻറുദ്യോഗസ്ഥന്മാരിൽനിന്നും എന്തെങ്കിലും ചെയ്യുകയുള്ളു എന്നതോന്നും. ആ നിലപാടു് നിർഭാഗ്യകരമാണു്. ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് അവിടെ പോയശേഷം കിട്ടിയിട്ടുള്ള റിപ്പോർട്ടു് വളരെ അധികം ആളുകൾക്കു് മർദ്ദനം ഏൽക്കേണ്ടിവന്നിട്ടുണ്ടെന്നാണു്. മുഖ്യമന്ത്രി പറഞ്ഞതു് സ്വമേധയാ ആളുകൾ കുടിയിറങ്ങിപ്പോവുകയാണെന്ന മട്ടിലാണു്. അവിടത്തെ ഭീകരമായ പ്രവർത്തനങ്ങളുടെ ഫലമായി, ആളുകൾ ഇറങ്ങിപ്പോവുകയാണു്. അതുകൊണ്ടു് അവർക്കു കൊടുക്കാമെന്നു പറഞ്ഞ എല്ലാ ആനുകൂല്യങ്ങളും കിട്ടുന്നില്ല. വാഴത്തോപ്പു മുതലായ പ്രദേശങ്ങൾ അധിവാസയോഗ്യമല്ലെന്നു പറയുന്നു. പണ്ടു് അമരാവതിയിൽനിന്നും ഇറങ്ങി വളഞ്ഞാങ്ങാനത്തു വന്ന ആളുകൾ കൃഷിചെയ്യാൻ കഴിയാതെ പട്ടിണികിടന്നു് എല്ലും തോലുമായി കോട്ടയംകളക്ടറേറ്റിന്റെ മുമ്പിലേക്കു് മാർച്ചുചെയ്തു് അവിടെ കുത്തിയിരിക്കാൻ പോവുകയാണെന്നു് പറയുന്നു. അതുപോലെ വരാതെ, ഈ സ്ഥലത്തുനിന്നും ഒഴിപ്പിക്കേണ്ടതാണോ എന്ന കാര്യം മറു പാർട്ടികളുമായി ആലോചിക്കണമെന്ന ആവശ്യം മുൻനിറുത്തിയാണു് ശ്രീ. ഗോപാലൻ നിരാഹാര സത്യാഗ്രഹം തുടങ്ങിയിട്ടുള്ളതു്. അല്ലാതെ ഗവണ്മെൻറിനെ ബുദ്ധിമുട്ടിക്കാനോ കുഴപ്പമുണ്ടാക്കാനോ അല്ല. കുഴപ്പമുണ്ടാക്കിയാലേ ഇടപെടാവൂ എന്നുള്ള ഗവണ്മെൻറിന്റെ നിലപാടു ശരിയല്ല. അതുകൊണ്ടു് ഈ പ്രശ്നത്തെ സംബന്ധിച്ചു് ചർച്ചചെയ്യണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഞാൻ പറഞ്ഞതു്, അദ്ദേഹം അവിടെ കുഴപ്പം ഉണ്ടാക്കിയാലേ ഇടപെട്ട എന്ന അർത്ഥത്തിലല്ല. അദ്ദേഹം ഗവണ്മെൻറിനെ സഹായിക്കാനാണു് അങ്ങനെ ചെയ്യുന്നതെങ്കിൽ അദ്ദേഹത്തോടു ഗവണ്മെൻറിനു നന്ദിയുണ്ടായിരിക്കുമെന്നു പറയാതെ നിവൃത്തിയില്ല. പക്ഷേ എന്തെങ്കിലും സഹായകമായി ചെയ്തതായി എനിക്കറിവു കിട്ടിയിട്ടില്ല. വളരെ ഉപദ്രവമൊന്നും അവിടെ ചെയ്തിട്ടില്ലെന്നുള്ളതു വാസ്തവമാണു്. വാഴത്തോപ്പിലെ ഭൂമി കൃഷിക്കു് അത്ര യോഗ്യമല്ലെന്നു പറയുകയുണ്ടായി. അതിനെപ്പറ്റി നേരത്തെ പരാതിയുണ്ടായിരുന്നു. അന്വേഷിച്ചപ്പോൾ, അവിടെ ഇടയ്ക്കിടയ്ക്കു ചെറിയ പാറക്കെട്ടുകളും ഉള്ളതാണു് വിഷമമെന്നു മനസ്സിലായി. ആ ഭൂമി അളന്നു തിരിച്ചു കൊടുക്കുമ്പോൾ പാറക്കെട്ടു് ഒഴികെ ഓരോ ഏക്കർ വീതം കൊടുക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് അക്കാര്യത്തിൽ പരാതിക്കവകാശമില്ല. ഗവണ്മെൻറു് നൽകിയിട്ടുള്ള സൗജന്യ വ്യവസ്ഥകളെല്ലാം വേണ്ടപോലെ നടപ്പിൽ വരുത്തുന്നതിനു് പ്രത്യേകം ശ്രദ്ധചെലുത്തിയിട്ടുണ്ടു്. അവിടെനിന്നു് എല്ലാ ആളുകളും സ്വമേധയാ പോവുകയാണു് എന്നെനിക്കു് അഭിപ്രായമില്ല. സ്വമേധയാ പോകുന്നവരും, അവിടെ താമസിക്കാൻ ഒക്കുകയില്ലെന്നുള്ളതുകൊണ്ടു് പോകുന്നവരും ഉണ്ടു്. എല്ലാവരും സ്വമേധയാ പോകുമായിരുന്നെങ്കിൽ, ഇന്നദിവസം പോകണമെന്നറിയിച്ചാൽ മതിയായിരുന്നു. വളരെ വേഗത്തിൽ ഈ നടപടികളും പൂർത്തിയാക്കുന്നതിനുള്ള സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ടു്. അതിനു് പ്രതിബന്ധമാകാതിരിക്കണമെന്നുള്ള അഭ്യർത്ഥനയാണു് എനിക്കുള്ളതു്. ഒരു അടിയന്തിര പ്രമേയത്തിനു വിധേയമാകത്തക്കവിധം അവിടെ യാതൊരു സിറ്റുവേഷനും ഉണ്ടായിട്ടില്ലെന്നാണു് എനിക്കു് സഭയെ അറിയിക്കാനുള്ളതു്.

Mr. Speaker: In the light of the facts stated by the honourable Minister, I withhold consent to the moving of the adjournment motion.

CALLING ATTENTION UNDER RULE 61

(i) Difficulties experienced by some students of the Alleppey Medical College in sitting for the pre-medical examination.

Mr. Speaker : I have received a notice under Rule 61 from Shri. C. Achutha Menon. I call upon the honourable Member to make a statement.

ശ്രീ. സി. അച്യുതമേനോൻ : ആലപ്പുഴ മെഡിക്കൽ കാളേജിൽ പ്രീമെഡിക്കൽ കോഴ്സിനു പഠിച്ചുകൊണ്ടിരുന്ന 17 വിദ്യാർത്ഥികൾക്കു് ഈ കൊല്ലം പരീക്ഷയ്ക്കു ഹാജരാകാൻ ചില ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടു്, അവരെ പരീക്ഷയ്ക്കു ഇരുത്തുകയില്ലെന്നുള്ള നിലയാണു് ഇപ്പോൾ ഉള്ളതു്. അതിനു് കാരണം പറയുന്നതു് പ്രീ യൂണിവേഴ്സിറ്റി കോഴ്സിൽ ചില വിഷയങ്ങൾക്കു് 50 ശതമാനം മാർക്കു് ഉണ്ടായിരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നസ്ഥാനത്തു് അതിൽ കുറവു മാർക്കെ ഈ കുട്ടികൾക്കു കിട്ടിയിട്ടുള്ളുവെന്നാണു്, മെഡിക്കൽ കാളേജിലേക്കു് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ ഈ പ്രത്യേക വിഷയങ്ങൾക്കു് 50 ശതമാനത്തിൽ അധികം മാർക്കുണ്ടോ എന്നു നോക്കിയേ തെരഞ്ഞെടുക്കാവു എന്നാണു് ചട്ടം. എന്നാൽ, ആലപ്പുഴ മെഡിക്കൽ കാളേജധികൃതന്മാർ മനഃപൂർവ്വം ഈ ചട്ടത്തെ ലംഘിച്ചതുകൊണ്ടാണെന്നതോന്നുന്നു, ഈ കുഴപ്പം നേരിട്ടിരിക്കുന്നതു്. അവിടെ നടക്കുന്ന സമ്പ്രദായം അങ്ങേയറ്റം വിദ്യാർത്ഥികളിൽനിന്നു പണം വാങ്ങിച്ചുകൊണ്ടു അഡ്മിഷൻ നൽകുകയെന്നതാണു്. അങ്ങനെ അവരെ അഡ്മിറ്റുചെയ്തു പഠിച്ചു പരീക്ഷയ്ക്കു ഹാജരാകേണ്ട സമയത്താണു് ഈ കാരണംകൊണ്ടു് അവരെ പരീക്ഷയ്ക്കു ഇരുത്തുകയില്ലെന്നു പറയുന്നതു്. ഇതിന്റെ ഫലമായി അവരുടെ പഠിപ്പു് മുടരാൻ സാധ്യമല്ലാതെ വരുന്നതും അവർ കൊടുത്ത പണം നഷ്ടപ്പെട്ടുപോകുന്നതുമായ ഒരു സ്ഥിതിവിശേഷമാണുണ്ടാകുന്നതു്. ഇതിൽ വിദ്യാർത്ഥികളോ അവരുടെ രക്ഷകർത്താക്കളോ കുറക്കാരാണെന്നു പറയാൻ നിവൃത്തിയില്ല. അവർ പ്രവേശനത്തിനു് അപേക്ഷിച്ചു. യോഗ്യതയുണ്ടെങ്കിൽ തിരഞ്ഞെടുക്കുകയെ

LIBRARY ARCHIVES Kerala Legislative Assembly